(സി) ഇതു സംബന്ധിച്ചിറക്കിയ ഉത്തരവുകളുടെ കോപ്പി ഇതോടൊപ്പം വയ്ക്കുന്നു.†

(ഡി) ബിയർ ഉണ്ടാക്കുന്നതിന് ബ്രുവറി റൂൾ അനുസരിച്ച് നൽകുന്ന ബി1 ബ്രുവറി ലൈസൻസ് ഉണ്ടായിരിക്കണം. കൂടാതെ ബിയർ പാർലറുകൾ അനുവദിക്കുന്നത്, ഹോട്ടലുകൾ, മോട്ടലുകൾ, റെസ്റ്റാറന്റുകൾ, കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റുകൾ എന്നിവയ്ക്കും കെ. റ്റി. ഡി. സി.യുടെയോ ഐ.റ്റി.ഡി.സി.യുടെയോ ചുമതലയിലുള്ളതോ അവ നടത്തുന്നതോ, കൂടാതെ ഹോട്ടലുകളോ, റെസ്റ്റാറന്റുകളോ, 3 സ്റ്റാർ, 4 സ്റ്റാർ, 5 സ്റ്റാർ, 5 സ്റ്റാർ ഡീലക്സ് ഹെറിറ്റേജ്, റിസോർട്ട് ഹോട്ടലുകൾ, ക്ളാസിഫൈഡ് റെസ്റ്റാറന്റുകൾ എന്നിവയ്ക്കും എക്സൈസ് കമ്മീഷണർക്ക് വാർഷിക റെന്റായ 3 ലക്ഷം രൂപ അടയ്ക്കുന്നതിനനുസരിച്ച് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകി വരുന്നു.

**ചരക്ക് ലോറികളിൽ കയറ്റുന്ന സ്പിരിറ്റ് കണ്ടെത്താൻ നടപടി**

*6 [657] *ശ്രീ. എ. സുജനപാൽ:*

*ശ്രീമതി ശോഭനാ ജോർജ്:*

*ശ്രീ. എം. എ. വാഹിദ്:*

*„ വർക്കല കഹാർ:*

*„ ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽ, ചുടുകല്ല്, പച്ചക്കറി, വളം മുതലായവ കൊണ്ടു വരുന്ന ലോറിയിൽ കടത്തുന്ന സ്പിരിറ്റ് കണ്ടുപിടിക്കുവാൻ ഉള്ള ശാസ്ത്രീയ ഉപകരണങ്ങൾ ചെക്ക് പോസ്റ്റുകൾക്ക് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലോറികളിൽ കടത്തുന്ന സ്പിരിറ്റ് എപ്രകാരമാണ് കണ്ടെത്തുവാൻ കഴിയുന്നത് എന്ന് പറയാമോ;

(സി) ചരക്കുകൾ കൊണ്ടു വരുന്ന ലോറികളിൽ ഒളിച്ചു കടത്തുന്ന സ്പിരിറ്റ് കണ്ടെത്താനുള്ള ശാസ്ത്രീയ സംവിധാനം ചെക്ക് പോസ്റ്റുകളിൽ നടപ്പിൽ വരുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) മണൽ, ചുടുകല്ല്, പച്ചക്കറി, വളം മുതലായ ചരക്കുകൾ കൊണ്ടുവരുന്ന ലോറികളിൽ ഒളിച്ച് കടത്തുന്ന സ്പിരിറ്റ് കണ്ടുപിടിക്കുവാൻ ശാസ്ത്രീയമായ ഉപകരണങ്ങളൊന്നും എക്സൈസ് ചെക്ക് പോസ്റ്റുകൾക്ക് നൽകിയിട്ടില്ല.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) പച്ചക്കറി, വളം തുടങ്ങിയ സാധനങ്ങൾ കയറ്റി വരുന്ന വാഹനങ്ങളിലെ ചരക്കുകൾ മാറ്റിനോക്കിയും, സംശയം തോന്നിയാൽ വിശദമായ പരിശോധനയ്ക്കായി സാധനങ്ങൾ ഇറക്കി നോക്കിയും ഒളിച്ച് കടത്തുന്ന സ്പിരിറ്റ് കണ്ടുപിടിക്കാറുണ്ട്.

മണൽ, ചുടുകല്ല് മുതലായ സാധനങ്ങൾ കയറ്റി വരുന്ന വാഹനങ്ങളിൽ നീളമേറിയ ഇരുമ്പ് കമ്പികൾ താഴ്ത്തിനോക്കിയും ഇടകളിൽ കമ്പി കൊണ്ട് കുത്തി നോക്കിയുമാണ് ഒളിച്ച് കടത്തുന്ന സ്പിരിറ്റ് കണ്ടെത്തുന്നത്.

(സി) ചരക്കുകൾ കൊണ്ടുവരുന്ന ലോറികളിൽ ഒളിച്ചുകടത്തുന്ന സ്പിരിറ്റ് ശാസ്ത്രീയമായി കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ഒരു ഡോഗ് സ്കാഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച ഒരു നായയുടെ സേവനം സംസ്ഥാനത്തെ വിവിധ ചെക്ക്. പോസ്റ്റുകളിൽ വാഹനങ്ങൾ പരിശോധിക്കുന്നതിലേക്കായി താൽക്കാലികമായി ഉപയോഗിച്ചു വരുന്നു. ഈ സംവിധാനം വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ എക്സൈസ് വകുപ്പിന് തനതായ ഒരു ഡോഗ് സ്കാഡിന് രൂപം നൽകി വാഹനങ്ങളിൽ ഒളിപ്പിച്ചു കടത്തുന്ന സ്പിരിറ്റ് കണ്ടെത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതാണ്.

**പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽനിന്നും ഈടാക്കുന്ന സെസ്**

*7 [658] *ശ്രീ. ബിനോയ് വിശ്വം:*

„ *എൻ. രാജൻ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനം ഉൾപ്പടെയുള്ള കാര്യങ്ങൾക്കായി പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ നിന്നും സെസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഒരു ലിറ്ററിന് എത്ര രൂപ വീതം ഈടാക്കുന്നുണ്ട്;

(ബി) പ്രതിമാസം സംസ്ഥാനത്തുനിന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ട്;

(സി) പ്രസ്തുത തുക എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് ഉപയോഗിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരമുള്ള തുക വകമാറ്റി ചെലവഴിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly